# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 സെപ്റ്റംബർ 19, വെള്ളി

**നമ്പർ 185**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2025 മാർച്ച് 11- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3233- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് മേശപ്പുറത്തുവച്ചു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം:

ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളി അനുമതിയില്ലാതെ കൊണ്ടു പോയതായും, സ്വർണ്ണപ്പാളിയുടെ ഭാരം നാല് കിലോയോളം കുറഞ്ഞതായും പറയപ്പെടുന്ന സാഹചര്യം സഭ നിർത്തിവച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചട്ടം 52(vii) പ്രകാരം ക്രമപ്രകാരമല്ലെന്ന് സ്പീക്കർ അറിയിക്കുകയും നോട്ടീസ് നിരസിക്കുകയും ചെയ്തു.

(ഇതിനെ തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP. 1244/2025.

ശ്രദ്ധക്ഷണിക്കൽ:

(1) പ്ലാസ്റ്റിക് കപ്പുകൾ നിരോധിച്ചതിനെത്തുടർന്ന് ഉപയോഗത്തിൽ വന്നിട്ടുള്ള പേപ്പർ കപ്പുകൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങളും അവ നിരോധിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ശ്രീ. മാത്യു ടി. തോമസ് തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയ്ക്ക് വേണ്ടി തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി.ഡി. സതീശൻ | തൃശ്ശൂരിൽ കെ. എസ്. യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവം | മുഖ്യമന്ത്രിക്ക് വേണ്ടി തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ ഇ.ടി. ടൈസൺ മാസ്റ്റർ | എറിയാട് എടവിലങ്ങാട് തീരപ്രദേശത്ത് ടെട്രോപാഡ് സംവിധാനം | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീ. സി. ആർ. മഹേഷ് | ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവം | വൈദ്യുതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | ശ്രീ. ജി. സ്റ്റീഫൻ | ആര്യനാട് ഗവ. ഐ.റ്റി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. കെ. ബാബു (നെന്മാറ) | നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്ക് വേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

i) സബ്ജക്ട് കമ്മിറ്റി X-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2025-ലെ കേരള വന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് എന്നിവ സമർപ്പിച്ചു.

ii) യുവജനക്ഷേമവും,യുവജനകാര്യവും സംബന്ധിച്ച കമ്മിറ്റിയുടെ ആറ്, ഏഴ് റിപ്പോർട്ടുകൾ സമർപ്പിച്ചു.

(കുന്നംകുളം പൊലീസ് കസ്റ്റഡി മർദ്ദനത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട രണ്ട് അംഗങ്ങൾ സഭാ കവാടത്തിൽ അനിശ്ചിതകാല സത്യഗ്രഹം അനുഷ്ഠിച്ചിട്ടും പ്രതികൾക്കെതിരായി സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ അറിയിച്ചു.)

<u>അനൗദ്യോഗിക അംഗങ്ങളുടെ കാര്യം:</u>

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ :</u>

i) ശ്രീ. എം. വിജിൻ നോട്ടീസ് നൽകിയിരുന്ന 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും സംബന്ധിച്ച ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ച് സംസാരിച്ചു. മത്സ്യബന്ധനം, സാംസ്കാരികം യുവജനകാര്യ വകുപ്പുമന്ത്രിക്കു വേണ്ടി പട്ടികജാതി,പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സംസാരിച്ചു.അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

ii) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ നോട്ടീസ് നൽകിയിരുന്ന 2025-ലെ തെരുവോര പുനരധിവാസ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

iii) ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിരുന്ന 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ച് സംസാരിച്ചു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക് വേണ്ടി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളിന്മേലുള്ള തുടർ ചർച്ച :</u>

i) ശ്രീമതി സി. കെ. ആശ 2021-ലെ കേരള സംസ്ഥാന പാഴ് വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു.ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2025 സെപ്റ്റംബർ 29- ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.21-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Fourteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, September 19, 2025.*

**No.185**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question:*

The corrected answer to Unstarred Question No. 3233 dated March 11, 2025, of the Thirteenth Session of the Fifteenth Kerala Legislative Assembly was laid on the Table by Shri M. B. Rajesh, Minister for Local Self Governments, Excise and Parliamentary Affairs, on behalf of the Minister for General Education and Labour.

*Adjournment Motion (Rule 50):*

Shri Thiruvanchoor Radhakrishnan and five other Members had given notice for moving an adjournment motion to discuss the situation reported to have arisen on the unauthorized shifting of gold plate which covered the dwarapalaka sculpture of Sabarimala Sreekovil and the decrease of the plate by four kilograms. The Speaker disallowed the notice stating that it was not in order as per Rule 52(vii).

(Following this, the Members belonging to the opposition parties staged a walkout.)

*Calling Attention:*

(1) Shri Mathew T. Thomas called the attention of the Minister for Local Self Governments, Excise and Parliamentary Affairs to the health and environmental Problems caused by paper cups, which came in to use consequent to ban of plastic cups and the necessity to ban them. The Minister made a statement in this regard.

(2). Shri Thiruvanchoor Radhakrishnan called the attention of the Minister for General Education and Labour to the necessity to the Urgent disbursal of the financial benefits, including pension reported to be pending with various welfare fund boards in the State. The Minister for Local Self Governments, Excise and Parliamentary Affairs made a statement in this regard on behalf of the Minister for General Education and Labour.

*Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി.ഡി. സതീശൻ | തൃശ്ശൂരിൽ കെ. എസ്. യു. വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവം | മുഖ്യമന്ത്രിക്ക് വേണ്ടി തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | എറിയാട് എടവിലങ്ങാട് തീരപ്രദേശത്ത് ടെട്രോപാഡ് സംവിധാനം | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീ. സി. ആർ. മഹേഷ് | ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ 28-ാം ഓണം മഹോത്സവം | വൈദ്യുതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | ശ്രീ. ജി. സ്റ്റീഫൻ | ആര്യനാട് ഗവ. ഐ.റ്റി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. കെ. ബാബു (നെന്മാറ) | നെന്മാറ-ഒലിപ്പാറ റോഡ് നിർമ്മാണം | പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രിക്ക് വേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

i) The Periodical Report of the Subject Committee X for the period from 1st April 1, 2024 to 31st March, 2025; the Action Taken Report on the recommendations contained in the Fourth Report on the Scrutiny of Demands for Grants for the financial year 2024-2025; the Report on The Kerala Forest (Amendment) Bill, 2025; and the Report on The Wild Life Protection (Kerala Amendment) Bill, 2025 were presented.

ii) The Sixth and Seventh Reports of the Committee on the Welfare of Youth and Youth Affairs were presented.

(Shri V. D. Satheesan, Leader of the Opposition, announced that the Opposition Members were boycotting the rest of the proceedings to protest the government's inaction in the Kunnamkulam police custody torture case, despite an indefinite satyagraha being staged by two opposition members at the entrance of the Assembly.)

*Private Members' Business:*

(1) The Eighteenth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

*(2) Motions for leave to introduce the following Bills:*

i) Shri M. Vijin moved the motion for leave to introduce The Kerala Protection and Regulation of Book Publishers and Distributors Bill, 2022 given notice by him. Since the motion was opposed by The Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes who spoke on behalf of the Minister for Fisheries, Culture and Youth Affairs, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

ii) Shri E. T. Taison Master moved the motion for leave to introduce The Street Dwellers Rehabilitation Bill, 2025 given notice by him.Since the motion was opposed by the The Minister for Local Self Governments, Excise and Parliamentary Affairs, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

iii) Dr. N. Jayaraj moved the motion for leave to introduce The Kerala Women-Friendly Workplace Creation Bill, 2024 given notice by him. Since the motion was opposed by The Minister for Higher Education and Social Justice who spoke on behalf of the Minister for Health and Woman and Child Development, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

3) Motions for leave to introduce the following Bills:(Continuation of Discussion) :

i) Smt. C. K. Asha continued the statement regarding the leave to introduce The Kerala State Scrap Workers' Welfare Fund Bill, 2021 given notice by her. The motion was withdrawn by the leave of the House.

The House adjourned at 12.21 p.m. to meet again at 9.00 a.m. on Monday, September 29, 2025.

DR. N. Krishna Kumar,
*Secretary.*